"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിൽ നിന്നുള്ള പുനർവിന്യാസ ക്ലർക്കുമാർക്ക് പുനർവിന്യാസ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1387/2025/LSGD തീയതി,തിരുവനന്തപുരം, 04-06-2025**

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1296/2024/LSGD തീയതി, 18/07/2024.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 22/02/2025-ലെ LSGD/PD/35837/2024-DEH4 നമ്പർ കത്തും ഉള്ളടക്കവും.

**<u>ഉത്തരവ്</u>**

ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും അനുവദിച്ചിരുന്ന പുനർവിന്യാസ ക്ലറിക്കൽ തസ്തികകൾ അധിക ജോലിഭാരമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകളിൽ പുനർവിന്യസിച്ചിരുന്ന ക്ലർക്കുമാരായ ശ്രീമതി. മഞ്ജു സി.കെ (ഉാലം ബ്ലോക്ക് പഞ്ചായത്ത്), ശ്രീ. ഹരികുമാർ ബി (അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്), ശ്രീമതി ജയപ്രഭ പി(ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്), ശ്രീമതി മേരി ക്ലാരറ്റ് (കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്) എന്നിവർ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യാസ സ്ഥലംമാറ്റത്തിനായി അപേക്ഷകൾ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷകൾ തുടർ നടപടികൾക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി ജയപ്രഭ പി ഓപ്റ്റ് ചെയ്ത ഗ്രാമപഞ്ചായത്തുകളിൽ ഒഴിവില്ലാത്തതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയില്ല. നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിൽ നിന്നും പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. മഞ്ജു സി കെ -യ്ക്ക് ഉാലം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അയർക്കുന്നം ഗ്രാമപഞ്ചായത്തിലേയ്ക്കും ശ്രീ. ഹരികുമാർ ബി -യ്ക്ക് അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പുറക്കാട് ഗ്രാമപഞ്ചായത്തിലേയ്ക്കും ശ്രീമതി. മേരി ക്ലാരറ്റിന് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലേയ്ക്കും ടിയാളുകളുടെ ഓപ്ഷൻ പരിഗണിച്ചുകൊണ്ട് നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യാസ സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(LSGD-ERA1/50/2025-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Suja. M
Date: 05-06-2025 11:43:14
സെക്ഷൻ ഓഫീസർ